# കേരള സർവകലാശാല

നം.പി.ആർ.81/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വാർത്തകൾ തെറ്റിദ്ധാരണമൂലം :
### കേരള സർവകലാശാല

സർവകലാശാലയുടെ വേദാന്ത സെൻററുമായും ഗ്രേസ് മാർക്ക് നല്കുന്നതുമായും ബന്ധപ്പെട്ട വാർത്തയും പരാതിയും തെറ്റിദ്ധാരണ മൂലമെന്ന് സർവകലാശാല വാർത്താക്കുറിപ്പിൽ അറിയിച്ചു .
സർവകലാശാലയുടെ സംസ്കൃത പഠനവകുപ്പിനൊപ്പം പ്രവർത്തിച്ചു വന്ന വേദാന്ത സെന്ററിന്റെ ചുമതല പ്രസ്തുത പഠനവകുപ്പിലെ ആകെയുള്ള രണ്ട് അദ്ധ്യാപകരിലെ ഒരു അസിസ്ററന്റ് പ്രൊഫസർക്കാണ് നല്കിയിരുന്നത്. സെന്ററിന്റെ അക്കാദമിക പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക സഹായമെല്ലാം സർവകലാശാലയാണ് നല്കിവരുന്നത്. അന്താരാഷ്ട്ര ശ്രീനാരായണ പഠന- ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ സർവകലാശാല ഈ അടുത്തകാലത്തായി വിപുലപ്പെടുത്തിയതുപേലെ വേദാന്ത സെന്ററിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തി പൊതുസമൂഹത്തിനുകൂടി അതിന്റെ ഗുണം ലഭ്യമാക്കണമെന്ന് സർവകലാശാല ആലോചിച്ചിരുന്നു. അതിന്റെ ഭാഗമായാണ് സർവകലാശാലയുടെ തത്ത്വചിന്താ പഠനവകുപ്പ് മേധാവിയായ സീനിയർ പ്രൊഫസർക്ക് സെന്ററിന്റെ അധിക ചുമതല നല്കിക്കൊണ്ട് പ്രസ്തുത പഠനവകുപ്പിനൊപ്പം വേദാന്ത സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർവകലാശാല തീരുമാനിച്ചത്. വസ്തുതകൾ ഇതായിരിക്കെ മറ്റുള്ള വാർത്തകളും ആക്ഷേപങ്ങളും സാലറിചലഞ്ച് കൂട്ടിവായിക്കലും ബന്ധപ്പെട്ടവരുടെ ഭാവനാസൃഷ്ടി മാത്രമാണെന്നും സർവകലാശാല വ്യക്തമാക്കി .
ഇതു പോലെ തന്നെയാണ് ഗ്രേസ് മാർക്ക് സംബന്ധിച്ച വാർത്തയും . യൂ .എന്നിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ പ്രോജക്ടിന്,

വിദ്യാർത്ഥികളുടെ ഉയർന്ന നേട്ടങ്ങൾക്ക് നല്കുന്ന ഗ്രേസ് മാർക്ക് നല്കണമെന്ന് കാണിച്ച് ഒരു വിദ്യാർത്ഥിയുടെ അപേക്ഷ സർവകലാശാലയ്ക്ക് ലഭിച്ചിരുന്നു. ഇതുസംബന്ധിച്ച സർവകലാശാലാ നിയമം അപേക്ഷക**ന്റെ** ആവശ്യത്തിന് അനുകൂലമല്ലാത്തതിനാൽ സർവകലാശാലാ സമിതികൾ പ്രസ്തുത അപേക്ഷ നിരസിക്കുകയാണുണ്ടായതെന്നും വാർത്താക്കുറിപ്പിൽ അറിയിച്ചു.

**തിരുവനന്തപുരം.**

14.04.2019



പബ്ലിക് റിലേഷൻസ് ഓഫീസർ


**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**